

# ആന ചന്തവും ചങ്ങലയും

**രാജഗോപാൽ പള്ളിപ്പുറം**

കേന്ദ്രസർക്കാരിന്റെ പരിഗണനയിലിരിക്കുന്ന ആന സംരക്ഷണ നിയമം കേരളത്തിലെ ആന ഉടമസ്ഥലേയും ഉത്സവക്കമ്മറ്റിക്കാരേയും ഏറെ പ്രകോപിപ്പിച്ചുകൊണ്ടിരിക്കുന്നു. കേരള സർക്കാർ ആചരിക്കാനുദ്ദേശിച്ച ഗജദിനത്തെ അവർ കരിദിനമായി കൊണ്ടാടുമെന്ന് നാടുനീളെ ഒട്ടിച്ച പോസ്റ്ററുകളിലൂടെ അറിയിക്കുന്നു. (ഭാഷാപരമായി 'ഗജ' ദിനവും 'കരി'ദിനവും ഒന്നുതന്നെയെന്നത് വേറെ കാര്യം.)

ആനയില്ലാതെ എന്ത് ആറാട്ട്? ആനയില്ലാതെ എന്ത് ഉത്സവം? എന്നിങ്ങനെയുള്ള സചിത്ര ചോദ്യചിഹ്നങ്ങളും പ്രതിഷേധ അടയാളങ്ങളായി പ്രത്യക്ഷപ്പെടുന്നുണ്ട്. ആന ഉടമകളുടേയും ഉത്സവകമ്മിറ്റികളുടേയും പൂരാസ്വാദകരുടേയും പക്ഷത്തുനിന്നു നോക്കിയാൽ ഇത്തരം പ്രതിഷേധങ്ങൾ സ്വാഭാവികം തന്നെ. ലോകത്തിലെ ഏറ്റവും വലിയ കൾച്ചറിൽ സിംഫണി എന്ന് UNESCO വിശേഷിപ്പിച്ച തൃശ്ശൂർപൂരത്തിൽ നിന്നും ആനയെ മാറ്റിനിർത്തിയാൽ എന്തുണ്ടാവും ബാക്കി?

കേൾവിപ്പെട്ട എല്ലാ ക്ഷേത്രോത്സവങ്ങളുടേയും സൗന്ദര്യം തിടമ്പേറുന്നത് ആനപ്പുറത്തുതന്നെ. ഗുരുവായൂർ ക്ഷേത്രത്തിലടക്കം പ്രധാന ക്ഷേത്രങ്ങളിലെ നിത്യശീവേലിക്ക് മൂന്നുനേരവും ആനയെഴുന്നള്ളിപ്പുണ്ട്. ഭഗവാന് ആനയെ സമർപ്പിക്കുന്നത്. ഇഷ്ട വഴിപാടായി കരുതുന്ന ഗുരുവായൂ

രിലാവും ഒരു പക്ഷേ ലോകത്തിലെ തന്നെ ഏറ്റവും വലിയ വളർത്താന കേന്ദ്രം. നെറ്റിപ്പട്ടവും മുത്തുക്കടയും ആലവട്ടവും വെൺചാമരവും സ്വർണ്ണകാന്തി ചിതറുന്ന കോലവും ശിരസ്സിലേന്തി നിൽക്കുന്ന ഒരു കൊമ്പന്റെ ചിത്രമാണ് കേരളം എന്ന വാക്കിനെക്കാളും ഭൂപടത്തെക്കാളുമധികം കേരളത്തെ ലോകമെങ്ങും ചിത്രീകരിക്കുന്നത്.

ഈ കുറിപ്പെഴുതുന്നയാൾ ഒരു നിരീശ്വരവാദിയല്ല. (ഒരു തരത്തിലുള്ള വാദിയാവാനും ഇഷ്ടപ്പെടുന്നുമില്ല – കാരണം തീർപ്പു കല്പിക്കാനുള്ള ഒരു കോടതി വ്യവഹാരമല്ലല്ലോ ജീവിതം.) ആരാധനയ്ക്കും ഉത്സവങ്ങൾക്കും ജീവിതത്തിലുള്ള ഇടമെന്തെന്ന് തിരിച്ചറിയുന്നുമുണ്ട്. സമയമുണ്ടെങ്കിൽ ഉത്സവ-പൂരപ്പറമ്പുകളിൽ ഇത്തിരി മേഞ്ഞുനടക്കാനിഷ്ടമുള്ളയാളുമാണ്. എഴുന്നള്ളിപ്പും മേളവും ഏറെ താല്പര്യപൂർവ്വം കണ്ടും കേട്ടും നിൽക്കാറുമുണ്ട്. അതേ സമയം എഴുന്നള്ളിച്ചു നിർത്തിയ സൗന്ദര്യത്തിന്റെ 'ചങ്കിൽ കുത്ത്' വല്ലാതെ ഉള്ളിൽ തട്ടാറുമുണ്ട്.


മുൻകാലുകളിലും പിൻകാലുകളിലും കാരിരുമ്പു ചങ്ങലകളുടെ കൂച്ചുവിലങ്ങുമായി വേച്ചു വേച്ചു നടക്കുന്ന സഹ്യപുത്രന്റെ സഹനങ്ങളും സങ്കടങ്ങളും പൂരച്ചന്തങ്ങളുടെ മറുപുറമാണ്. ചുറ്റുപുറവുമുള്ള ആസ്വാദനക്കൂട്ടങ്ങളുടെ ആർപ്പും തിമിർപ്പും ഒച്ചയും ബഹളവും മീനച്ചൂടും പൊടിപടലങ്ങളും നിശബ്ദമായി സഹിച്ച്, നീരിറ്റ് വീഴുന്ന കൊച്ചു കണ്ണുകൾ ഇടയ്ക്കിടെ അടച്ചും തുറന്നും, പാപ്പാന്റെ കുന്തം കൊണ്ടുള്ള താടിക്കു കുത്തിനനുസരിച്ച് തല ഉയർത്തിപ്പിടിക്കാൻ യത്നിക്കുമ്പോൾത്തന്നെ, ചെവിക്കിടയിൽ ചാരിവെച്ച ആനത്തോട്ടി വീഴാതിരിക്കാൻ ശ്രദ്ധിച്ചും, കാൽമുറിവുകളിൽ ഇരുമ്പുചങ്ങല ഉരഞ്ഞുണ്ടാകുന്ന നീറ്റൽ മറക്കാൻ ശ്രമിച്ചുകൊണ്ടുള്ള ആ വലിയ ജീവന്റെ അടങ്ങി നിൽപ്പ്! അതിനു കാരണക്കാരനാവുന്നത് മനുഷ്യനാണല്ലോ എന്നോർക്കുമ്പോൾ ആസ്വാദനം ആത്മനിന്ദയാൽ പൊതിയപ്പെടുമ്പോൾ അഭിമാനം ലജ്ജയായി പരിണമിക്കുന്നു. സൗന്ദര്യബോധവും കലാത്മകതയും പ്രതിഷ്ഠിക്കപ്പെടേണ്ടത് ജീവകാരുണ്യത്തിന്റെ അടിത്തറയിന്മേലാണ്. വിശാലമായ അർത്ഥത്തിൽ സൗന്ദര്യബോധം എന്നതുതന്നെ ജീവകാരുണ്യത്തിന്റെ പ്രകാശമുഖങ്ങളിലൊന്നു മാത്രമാണ്. നോവുമാത്മാവിനെ സ്നേഹിച്ചിടാത്ത തത്ത്വശാസ്ത്രം മാത്രമല്ല സൗന്ദര്യദർശനവും സ്നേഹിക്കാനരുതാത്തതാണ്. 'ചങ്ങല' കാണാതെ 'ചന്തം' മാത്രം കാണുന്നത് കാഴ്ചയുടെ സ്നേഹരാഹിത്യമാണ്, വൈകല്യമാണ്.

ചങ്ങലപ്പൂട്ടിനകത്തെ വളർത്താനയുടെ ദൈന്യങ്ങൾ ആഴത്തിൽ ചിത്രീകരിക്കുന്നതാണ് 'പതിനെട്ടാമത്തെ ആന' എന്ന ഡോക്യുമെന്ററി ചലച്ചിത്രം. ആകാശവാണിയുടെ ഉദ്യോഗസ്ഥനായ ശ്രീ പി ബാലന്റെ 'ആനിമൽ ഓസ്കാർ' ലഭിച്ച ഈ ചലച്ചിത്രം ആനച്ചന്തത്തിന്റെ മറുപുറം സത്യസന്ധമായി വരച്ചു കാട്ടുന്നുണ്ട്. സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന ആനസംരക്ഷണ നിയമത്തിന് മൊത്തമായി എതിർക്കുന്നവർ കണ്ടിരിക്കേണ്ടതാണ് ഈ ചിത്രം.

നാട്ടാനകളുടെ ഉടമസ്ഥത ഇനി മുതൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്നും, കാട്ടിൽ നിന്നും പുതുതായി ആനകളെ പിടികൂടരുതെന്നും, പ്രദർശന വസ്തുക്കളാക്കരുതെന്നും മറ്റും നിഷ്കർഷിക്കുന്ന നിയമം ഒരു കരി നിയമമാണെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്.

ഇത്തരം ഒരു നിമയനിർമ്മാണം നടത്തുവാൻ സർക്കാർ നിർബന്ധിതമായിത്തീർന്ന് സാഹചര്യം ഇക്കൂട്ടർ കാണാതെ പോകരുത്. കാട്ടിൽ നിന്നും കെണിപ്പെടുത്തി പിടിച്ച് അശാസ്ത്രീയമായി മെരുക്കപ്പെടുന്ന ആനകൾ പിന്നീട് ജീവിതാന്ത്യം വരെ അനുഭവിക്കേണ്ടിവരുന്ന പീഠകൾക്ക് കണക്കില്ല. ശ്വസിക്കുകയും, ഭക്ഷിക്കുകയും, വിശ്രമിക്കുകയും ചെയ്യേണ്ട ഒരു ജീവിയാണ് എന്ന പരിഗണനപോലും ആനകൾക്ക് പലപ്പോഴും ലഭിക്കാറില്ല.

ഏറെ വിചിത്രമാണ് ആനകളോടുള്ള കേരളീയ സമീപനം. ആനയോടുള്ള കമ്പവും കൗതുകവും ഇവിടെ വളരെ കൂടുതലാണ്. ഗജപൂജയും ആനയൂട്ടും നടത്തി പ്രത്യക്ഷഗണപതികളെ പ്രസാദിപ്പിക്കാൻ ക്ഷേത്രക്കമ്മറ്റികൾ തമ്മിൽ മത്സരിക്കാറുണ്ട്. എന്നാൽ അമ്പലക്കമ്മറ്റിക്കാരോ ആനക്കമ്പക്കാരോ യഥാർത്ഥത്തിൽ ഈ പാവം ജീവികളെ സ്നേഹിക്കുന്നുണ്ടെന്ന് പറ





യാനാവില്ല. പണക്കൊതി മൂത്ത ഉട മസ്ഥരും ഉത്സവലഹരിയിൽ ആണ്ടു പോകുന്ന കമ്മറ്റിക്കാരും ആസ്വാദ കരും അറിഞ്ഞും അറിയാതെയും ആനകളെ കഷ്ടപ്പെടുത്തുന്നു. ലോറിയേക്കാൾ ലാഭകരമാണ് എന്ന മനോഭാവത്തിൽ ആനയെ വാങ്ങിവളർത്തുന്നവരുണ്ട്. (900ത്തോളം നാട്ടാനകളുണ്ട് കേരള ത്തിൽ) ഉത്സവക്കാലത്ത് വിശ്രമത്തി നുള്ള ഇടംകൊടുക്കാതെ കൊടും ചൂടിൽ പൂരപ്പറമ്പുകളിൽ നിന്നും പൂരപ്പറമ്പുകളിലേക്ക് തച്ചു പായി ക്കപ്പെടുന്ന ആനകൾ വിശപ്പും ദാഹവും ഉറക്കക്ഷീണവും ഉരു കുന്ന ചൂടും ബഹളങ്ങളും സഹി ക്കുന്നതിന്റെ തീവ്രത തിരിച്ചറിയു മ്പോഴേ മനുഷ്യൻ എത്രത്തോളം 'ആനക്രൂര'നാണ് എന്ന് തിരിച്ചറി യും. പൂരോത്സവങ്ങളിൽ എഴുന്ന ള്ളിക്കപ്പെടുന്ന ആനകളുടെ എണ്ണവും ആനയെ എഴുന്നള്ളി ക്കുന്ന ക്ഷേത്രങ്ങളുടെ എണ്ണവും വർദ്ധിച്ചുവരുന്നതനുസരിച്ച് ആനകളനുഭവിക്കേണ്ടി വരുന്ന പീഡനവും പെരുകുന്നു. ഈ പശ്ചാത്തലത്തിൽ മിണ്ടാപ്രാണിക ളോട് ക്രൂരത അരുത് എന്നഭിപ്രായ മുള്ള ഒരാൾക്കും ആനയെ രാഷ്ട്ര പൈതൃകമായി പ്രഖ്യാപിക്കുന്ന നിയമത്തെ എതിർക്കാനാവില്ല. ആനയെഴുന്നള്ളിപ്പ് പൂർണ്ണമായും നിരോധിക്കുന്നില്ല താനും. പരമാ വധി നിയന്ത്രണങ്ങൾ കൊണ്ടുവരേ ണ്ടത് ഈ കാലഘട്ടത്തിന്റെ ആവ ശ്യമാണ്. ആനകളേയും ഉത്സവങ്ങ ളേയും ഇഷ്ടപ്പെടുന്ന ഓരോരു ത്തരും ഇക്കാര്യത്തിൽ വിവേക ത്തോടെ പ്രതികരിക്കേണ്ടതാണ്. ഒരനുഭവം കൂടി പറഞ്ഞുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.

നാട്ടിൽനിന്ന് അകലെയല്ലാത്ത ഒരു ക്ഷേത്രത്തിന് സ്വന്തമായി ആനയുണ്ട്. പക്ഷേ ക്ഷേത്രോ ത്സവം നടക്കുന്ന കാലത്തു തന്നെയാണ് ആന മദപ്പാടിലാവുന്ന തും. അതുകാരണം എഴുന്നള്ളി പ്പിന് വേറെ ആനയെ കൊണ്ടുവരാ റാണ് പതിവ്. ഒരു കൊല്ലം ഉത്സവം തുടങ്ങിയപ്പോഴേക്ക് മദപ്പാട് കുറഞ്ഞ് തുടങ്ങിയതിനാൽ ക്ഷേത്ര ഭാരവാഹികൾ സ്വന്തം ആനയെ ത്തന്നെ എഴുന്നള്ളിപ്പിച്ചു. സ്വതവേ കുസൃതിയായ ആന വിളക്കിനെഴു ന്നള്ളിച്ച സന്ദർഭത്തിൽ, അനുസര ണക്കേടു കാട്ടി. പുറത്ത് കയറിയ വരെ ഇറക്കാനായി കുനിഞ്ഞു കൊടുത്തില്ല. ഒടുവിൽ വല്ലവി ധവും താഴെയിറക്കി. തുടർന്ന് മര ത്തിൽ തളച്ച ആനയ്ക്ക് നേരെ മൂന്ന് പാപ്പാന്മാരും ചേർന്ന് മൂന്നാംമുറ തുടങ്ങി. അന്ന് ഉത്സ വക്കളി (കഥകളി) യുണ്ടായിരുന്ന തിനാൽ ഈയുള്ളവനും അവിടെ ഉണ്ടായിരുന്നു. കഥകളി യുടെ രാഗവിസ്താരത്തേക്കാൾ ആനയുടെ കരച്ചിൽ ഉയർന്നു കേട്ടതിനെത്തുടർന്ന് ചെന്ന് നോക്കിയപ്പോഴാണ് മൂന്നാംമുറ നേരിൽ കണ്ടത്. പീഢനം സഹി ക്കനാവാതെ മൂത്രമൊഴിച്ച് പിണ്ടി യിട്ട് മണ്ണിൽ കൊമ്പുകുത്തി കുനിഞ്ഞ് നിൽക്കുന്നു. എന്നിട്ടും ചൂരലും കട്ടാരവും തോട്ടിയും കുന്തവും പ്രയോഗിച്ച് കൊണ്ടേ യിരിക്കുന്നു. അതുകണ്ടപ്പോൾ ഒട്ടും സഹിച്ചില്ല. നേരെ ക്ഷേത്രം മാനേജരെ കണ്ടു. ആനയെ ഇങ്ങനെ പീഢിപ്പിക്കരുതെന്ന് പറഞ്ഞു. സാറേ അവരെയൊന്ന് പാകപ്പെടുത്തിയില്ലെങ്കിൽ നാളെ അതിനെ എഴുന്നള്ളിക്കാനാവി ല്ലെന്നായി മാനേജർ. ഈ മിണ്ടാ പ്രാണിയെ ഈ വിധത്തിൽ ഭേദ്യം ചെയ്ത് അപ്പിയിടുവിച്ച് നിങ്ങൾ എഴുന്നള്ളിക്കുന്നത് ദൈവത്തേയോ ചെകുത്താനേ യോ? എന്ന് ചോദിക്കാതിരിക്കാ നായില്ല. ഒന്നുകിൽ വേറെ ആനയെ കൊണ്ടുവരിക. അല്ലെ ങ്കിൽ ആനയെ വേണ്ടെന്ന് വയ്ക്കുക. ഈ മൂന്നാംമുറ നിർത്തുന്നില്ലെങ്കിൽ ഇക്കാര്യം അറിയിക്കേണ്ടിടത്തൊക്കെ നാളെത്തന്നെ ഞാൻ അറിയി ക്കും. ആ ഭീഷണി ഫലം കണ്ടു. പാപ്പാന്മാർ ഭേദ്യം നിർത്തി. ഇത്തരം ക്രൂരതകൾ കണ്ടിട്ടും മിണ്ടാതിരിക്കുന്നവർ ഫലത്തിൽ സ്വയം പീഢകരായി മാറുക യാണ് എന്ന് പറയാതെ വയ്യ. അതിനാൽ ആനച്ചന്തത്തിന്മേൽ പടർന്ന ചങ്ങലക്കെട്ട് നിയമം മൂലം അഴിഞ്ഞുവീഴുന്നുവെങ്കിൽ നമ്മൾ സന്തോഷിക്കുകയല്ലേ വേണ്ടത്!

വാൽക്കഷണം: മനുഷ്യൻ എന്ന മൃഗം ആന എന്ന മൃഗത്തെ മെരുക്കി നടത്തുന്നതിലെ ക്രൂര തകളും ആ ക്രൂരതകൾക്കുള്ള ഉപശാന്തിയുമാണ് ഇതുവരെ പറഞ്ഞുവെച്ചത്. മൃഗീയതയിൽ നിന്ന് പൂർണ്ണമായും മുക്തനായ തുവഴി പൂർണ്ണമനുഷ്യനായ ഒരാൾക്ക് മുമ്പിൽ തുമ്പിക്കൈ ഉയർത്തി കൊമ്പുകുലുക്കി ചിന്നം വിളിച്ചുകൊണ്ട് പാഞ്ഞു നടന്ന ഒരു മദയാന പരമ ശാന്തനായി മസ്തകം കുനിച്ചു നിന്നതാ യുള്ള ഒരു കഥയുണ്ട്. ശ്രീബു ദ്ധനായിരുന്നു ആ മനുഷ്യൻ. പരമമായ ജീവകാരുണ്യത്തിന്റെ ഒരു പുഞ്ചിരികൊണ്ട് ഈ ലോകത്തെ ഏതൊരു വന്യശ ക്തിയേയും മെരുക്കാമെന്നൊരു ഗുണപാഠം ഉൾച്ചേർന്നിട്ടുണ്ട് ഈ ബുദ്ധകഥയിൽ. ആനയെ മെരു ക്കാൻ കത്തിയും തോട്ടിയും ചങ്ങ ലയുമായി നടക്കുന്ന മനുഷ്യന് എക്കാലവും ചിന്തിപ്പിക്കേണ്ടതാണ് ഇത്തരം ഗുണപാഠകഥകൾ.